# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/280/2018 2018 ഡിസംബർ 27

# വാർത്താക്കുറിപ്പ്

---

## തീയതി നീട്ടി

ഒന്നാം സെമസ്റ്റർ എം.എ./ എം. എസ്‌സി/ എം.കോം/ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (2017 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷകളുടെ ഓൺലൈൻ രജിസ്‌ട്രേഷനും കോളേജുകളിൽ നിന്നും ഫീസടയ്ക്കുന്നതിനുമുള്ള തീയതി ജനുവരി മൂന്നു വരെ നീട്ടി.

2016 അഡ്മിഷൻ (സപ്ലിമെന്ററി) വിദ്യാർഥികൾ epay.mgu.ac.in എന്ന വെബ്‌സൈറ്റ് വഴി ഓൺലൈനായി ഫീസടച്ച് അപേക്ഷ സർവകലാശാലയിൽ ജനുവരി മൂന്നിനകം നേരിട്ട് സമർപ്പിക്കണം.

## അപേക്ഷ ക്ഷണിച്ചു

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിൽ നടത്തുന്ന പി.ജി.ഡി.ഐ.എസ്.എൽ. ഒന്നാം സെമസ്റ്റർ പാർട്ട് ടൈം പരീക്ഷയ്ക്കും റഗുലർ ബാച്ചിന്റെ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്കും അപേക്ഷ ക്ഷണിച്ചു. ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള അപേക്ഷ ജനുവരി 15ന് വൈകീട്ട് അഞ്ചു വരെയും രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള അപേക്ഷ ജനുവരി ഏഴിന് വൈകീട്ട് അഞ്ചുവരെയും സ്വീകരിക്കും. ഒന്നാം സെമസ്റ്റർ (പാർട്ട് ടൈം) പരീക്ഷ ജനുവരി 24 മുതൽ 28 വരെയും രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 16 മുതൽ 21 വരെയും നടക്കും.

## സർവകലാശാല വാർഷിക റിപ്പോർട്ട് – വിവരങ്ങൾ നൽകണം

2018ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവകലാശാലയുടെ കീഴിലെ പഠനവകുപ്പുകൾ/സെന്ററുകൾ/അഫിലിയേറ്റഡ് കോളേജുകൾ/റിസർച്ച് സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ ജനുവരി നാലിന് മുമ്പായി mguannualreport2018@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ സമർപ്പിക്കണം. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ.

## സർവകലാശാല നാടകോത്സവം ജനുവരി 16 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2017-18 അക്കാദമിക വർഷത്തെ ഇന്റർ കൊളേജിയറ്റ് നാടകോത്സവം ജനുവരി 16, 17 തീയതികളിൽ തിരുവല്ല ഡി.ബി. പമ്പാ കോളേജിൽ നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കോളേജ് ടീമുകൾ നാടകസംഗ്രഹത്തിന്റെ നാല് കോപ്പികൾ, പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം, മത്സരാർത്ഥികളുടെ കോളേജ് തിരിച്ചറിയൽ കാർഡുകളുടെ പകർപ്പുകൾ എന്നിവ ജനുവരി 11ന് രാവിലെ 10നും വൈകീട്ട് മൂന്നിനും ഇടയിൽ സർവകലാശാല യൂണിയൻ ഓഫീസിൽ നൽകി രജിസ്ട്രേഷൻ നടത്തണം. വിശദവിവരത്തിന് ഫോൺ: 0481 - 2731024.

**പി.കെ. സജീവ്**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)